മാതൃഭൂമി

16 February 2017

# അമിത വണ്ണം കുറയ്ക്കാൻ കടലിൽ നിന്ന് മരുന്നുമായി സി.എം.എഫ്.ആർ.ഐ.

**കടൽപ്പായലുകളിൽ അടങ്ങിയിരിക്കുന്ന ബയോ ആക്ടീവ് സംയുക്തങ്ങൾ ഉപയോഗിച്ചാണ് മരുന്ന് വികസിപ്പിച്ചെടുത്തത്**

കൊച്ചി: അമിത വണ്ണം തടയുന്നതിന് സി.എം.എഫ്.ആർ.ഐ.യുടെ വക പ്രകൃതിദത്ത ഔഷധം. കടൽപ്പായലിൽ നിന്നാണ് കൊച്ചി ആസ്ഥാനമായി പ്രവർത്തിക്കുന്ന കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ.) കൊളസ്ട്രോൾ കുറയ്ക്കുന്നതിനും അമിത വണ്ണം തടയുന്നതിനും മരുന്ന് നിർമിച്ചത്. കടൽമീൻ ആന്റി ഹൈപ്പർ കൊളസ്ട്രോളമിക് എക്സ്ട്രാക്റ്റ് എന്നാണിതിന് പേരിട്ടിരിക്കുന്നത്. ശനിയാഴ്ച സി.എം.എഫ്.ആർ.ഐ.യുടെ പ്ലാറ്റിനം ജൂബിലി ആഘോഷ പരിപാടികളുടെ ഉദ്ഘാടന വേളയിൽ ഗവർണർ പി. സദാശിവം മരുന്ന് പുറത്തിറക്കും.

ഇന്ത്യൻ കടലുകളിൽ സാധാരണയായി കണ്ടുവരുന്ന കടൽപ്പായലുകളിൽ അടങ്ങിയിരിക്കുന്ന ബയോ ആക്ടീവ് സംയുക്തങ്ങൾ ഉപയോഗിച്ചാണ് സി.എം.എഫ്.ആർ.ഐ.യിലെ ശാസ്ത്രജ്ഞർ മരുന്ന് നിർമിച്ചിട്ടുള്ളത്. ശരീരഭാഗങ്ങളിൽ അടിഞ്ഞുകൂടുന്ന കൊഴുപ്പ്, ട്രൈഗ്ലിസറൈഡ്, കൊളസ്ട്രോൾ എന്നിവ തടയുന്നതിന് മരുന്ന് പ്രയോജനകരമാണ്. പൂർണമായും പ്രകൃതിദത്ത ചേരുവകൾ ഉപയോഗിച്ചാണ് മരുന്ന് നിർമിച്ചിരിക്കുന്നത്.

400 മില്ലിഗ്രാം അളവിലുള്ള ക്യാപ്സൂളുകളായാണ് ലഭ്യമാകുക. യാതൊരുവിധ പാർശ്വഫലങ്ങളുമില്ലെന്നത് പരീക്ഷണങ്ങളിൽ തെളിഞ്ഞെന്ന് സി.എം.എഫ്.ആർ.ഐ.യിലെ സീനിയർ സയന്റിസ്റ്റ് ഡോ. കാജൽ ചക്രബർത്തി പറഞ്ഞു. കടൽപ്പായലുകളിൽ നിന്ന് മൂലഘടകങ്ങളെ വേർതിരിച്ചെടുക്കുന്നതിന് നിയന്ത്രിത ഫാക്ടറി സാഹചര്യങ്ങൾ ഒരുക്കിയാണ് മരുന്ന് നിർമാണം നടത്തിയത്.

സസ്യാഹാര പ്രേമികൾക്കും ഉപയോഗിക്കാവുന്ന രീതിയിൽ സസ്യജന്യ ക്യാപ്സൂളുകളാണ് മരുന്നിന്റെ ആവരണമായി ഉപയോഗിച്ചിട്ടുള്ളതെന്ന് സി.എം.എഫ്.ആർ.ഐ.യിലെ മറൈൻ ബയോ ടെക്നോളജി ഡിവിഷൻ മേധാവി ഡോ. പി. വിജയഗോപാൽ പറഞ്ഞു. പൂർണമായും പ്രകൃതിദത്തമായ രീതിയിൽ ആദ്യമായാണ് കടൽപ്പായലിൽ നിന്ന് അമിത വണ്ണം കുറയ്ക്കുന്നതിന് മരുന്ന് നിർമിക്കുന്നത്.

കടൽപ്പായലുകളിൽ നിന്ന് കൂടുതൽ ഔഷധങ്ങൾ ഭാവിയിൽ വികസിപ്പിക്കുമെന്ന് സി.എം.എഫ്.ആർ.ഐ. ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ പറഞ്ഞു.